PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

# രാജാസ് ഹയർസെക്കണ്ടറി സ്ക്കൂൾ, ചിറക്കൽ

## ആമുഖം.

സുവർണ ജൂബിലി ആഘോഷം കഴിഞ്ഞ് അടുത്ത സുവർണ ജൂബിലിയെ കാത്തിരിക്കുന്ന പഴമയുടെ പ്രൗഡിയോടെ തല ഉയർത്തിനിൽക്കുന്ന വിദ്യാലയം കഴിഞ്ഞ നൂറ് വർഷം രാജകീയ കൈകളിൽ ഭദ്രമായി കഴിഞ്ഞുപോന്നു. ഇന്ന് ജനകീയ തലത്തിലേക്ക് ഇറങ്ങി ചിറക്കൽ കോ. ഓപ്പറേറ്റീവ് സർവ്വീസ് സഹകരണ ബാങ്കിന്റെ ഭരണത്തിൻ കീഴിലാണ് ഈ വിദ്യാലയം. ആയിരക്കണക്കിന് മഹാരഥൻമാരെ സൃഷ്ടിക്കുകയും അത്രതന്നെ പ്രഗത്ഭരായ അധ്യാപകരുടെ പരിലാളനയിൽ സംരക്ഷിക്കപ്പെട്ട് പോരുകയും ചരിത്രത്താളുകളിൽ ഇടം നേടുകയും ചെയ്ത സരസ്വതി ക്ഷേത്രം . 1916 മുതൽ 2011 വരെ ഹൈസ്ക്കൂളായി പ്രവർത്തിക്കുകയും 2011 മുതൽ ഹയർസെക്കണ്ടറിയായി ഉയർത്തുകയും ചെയ്തു. നിലവിൽ 5 മുതൽ 12 വരെ ക്ലാസുകളാണ് ഉള്ളത്.

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

# സ്കൂൾ മികവ്

കാലങ്ങളായുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങളിലൂടെ പ്രഗത്ഭരായ വ്യക്തികളെ സമൂഹത്തിന് സംഭാവന നൽകാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്. ചിറക്കൽ ടി ബാലകൃഷ്ണൻ നായർ, ഡോക്ടർ സുകുമാർ അഴീക്കോട്, ടി.പത്മനാഭൻ, പി.പി.ലക്ഷമണൻ, സി.പി കൃഷ്ണൻ നായർ, സതീഷ് നമ്പൂതിരി ഐ എ എസ് തുടങ്ങി ജീവിതത്തിന്റെ നാനാതുറകളിലും പ്രശസ്തി നേടിയിട്ടുള്ള മഹത്വ്യക്തികളെ കൊണ്ട് സമ്പന്നമാണ് രാജാസ്. ആധുനിക കാലഘട്ടങ്ങളിലും കാലാകായിക മത്സരങ്ങളിലും സംസ്ഥാനതലം വരെ എത്തി വിജയം കൈവരിച്ച വിദ്യാർത്ഥി വിദ്യാർത്ഥിനികളും ഇവിടെ ഉണ്ടായിട്ടുണ്ട്.

ഇന്ന് അക്കാദമികമായി പഠിതാക്കളെ മികവിന്റെ പാതയിലേക്ക് നയിക്കാൻ ഉതകുന്ന പ്രവർത്തനങ്ങൾ വിദ്യാലയത്തിൽ നടന്നു വരുന്നുണ്ട്. വർഷങ്ങളുടെ പ്രവർത്തന പാരമ്പര്യമുള്ള എൻ.സി.സി ബറ്റാലിയൻ, ലഹരി വിരുദ്ധക്ലബ്, വിദ്യാരംഗം കലാസാഹിത്യവേദി, പരിസ്ഥിതി, ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഭാഷാപഠനം, സ്ക്കൂൾ സേഫ്റ്റി, ഇക്കോ ഹെൽത്ത് എന്നീ ക്ലബ്ബുകളും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയെല്ലാം തന്നെ കുട്ടികളുടെ വ്യക്തിത്വ വികസനത്തിനും മികച്ച അക്കാദമിക മികവിനും പരിപോഷണം നൽകുന്നവയാണ്. എസ്. എസ്. എൽ. സി പരീക്ഷയിൽ 7 വർഷം തുടർച്ചയായി 100% വിജയം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

Click to buy NOW! PDF-XChange www.pdf-xchange.com

## പ്രശ്നങ്ങൾ

വിദ്യാർത്ഥികളുടെ അപര്യാപ്തത നമ്മുടെ വിദ്യാലയം നേരിടുന്നൊരു പ്രധാന പ്രശ്നമാണ്. വിദ്യാർത്ഥികളുടെ യാത്രാ സൗകര്യത്തിനുള്ള വാഹന പരിമിതി വിദ്യാർത്ഥികളുടെ കുറവിന് പ്രധാന കാരണമാണ്. കൂടുതൽ സ്ക്കൂൾ ബസ്സുകൾ വേണം എന്നത് ഒരു പ്രധാന ഘടകമാണ്. ഭൗതീക സാഹചര്യങ്ങളും മറ്റ് സൗകര്യങ്ങളുമൊക്കെ മികച്ച രീതിയിലുണ്ടെങ്കിലും അവയൊക്കെ വേണ്ടരീതിയിൽ സംരക്ഷിക്കപ്പെടാൻ സാധിക്കുന്നില്ല.

## പൊതുലക്ഷ്യം

കുട്ടികളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി സാമൂഹിക ബന്ധം ദൃഢപ്പെടുത്തുക. 5 മുതൽ 12 വരെയുള്ള വിദ്യാഭ്യാസം കഴിഞ്ഞ് പുറത്തിറങ്ങുന്ന വിദ്യാർത്ഥികളെ അവർ നേടേണ്ട ശേഷിയിൽ എത്തിക്കുക എന്നതാണ് പ്രഥമലക്ഷ്യം, ഇതിനായി അക്കാദമികമായും സാമൂഹികമായും ഭൗതീകമായും മികച്ച പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നതിനായി സ്ക്കൂൾ മാനേജ്മെന്റ്, പി ടി എ, സ്ക്കൂൾ സംരക്ഷണ സമിതി, അധ്യാപകർ തുടങ്ങി എല്ലാവരുടേയും കൂട്ടായ്മയോടെ വിദ്യാലയത്തെ മികവിന്റെ പാതയിലെത്തിക്കുക എന്നതാണ് ഞങ്ങുടെ പൊതു ലക്ഷ്യം.

## അക്കാദമിക പ്രവർത്തനങ്ങൾ

ഓരോ വിദ്യാർതഥിയുടേയും കഴിവുകൾ തിരിച്ചറിഞ്ഞ് മികച്ച വ്യക്തിത്വത്തിന് ഉടമകളാക്കുക എന്ന ലക്ഷ്യത്തിലെത്തണമെങ്കിൽ ഏറ്റവും പ്രധാനം അക്കാദമിക പ്രവർത്തനങ്ങൾ തന്നെയാണ്. ഇതിൽ ഏറ്റവും പ്രാധാന്യം ഭാഷാപരമായ പ്രവർത്തനങ്ങൾ തന്നെയാണ്.

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

## സ്കൂൾ ചരിത്രം

കേരളത്തിന്റെ വടക്കൻ ജില്ലയായ- തറികളുടെയും തിറകളുടെയും നാടായ - കണ്ണൂരിലെ, ചിറക്കൽ എന്ന ഗ്രാമത്തിലാണ് പ്രൗഢിയുടെയും പ്രതാപത്തിന്റെയും പഴയകാലകഥകൾ പറയാൻ ഏറെയുള്ള ചിറക്കൽ രാജാസ് ഹയർ സെക്കണ്ടറി സ്കൂൾ സ്ഥിതി ചെയ്യുന്നത്. ചിറക്കലിലെ വിദ്യാഭ്യാസ മേഖലയിൽ വളരെയധികം സ്വാധീനം ചെലുത്തിയ സ്ഥാപനമാണ് ഇത്.

ചിറക്കൽ തമ്പുരാനായിരുന്ന ആയില്യം തിരുന്നാൾ രാമവർമ്മ വലിയരാജ 1916 ലാണ് സ്കൂൾ സ്ഥാപിച്ചത്. വിശാലമായ കളിസ്ഥലം, ലൈബ്രറി, ലാബ് ഇവ ഒരുകാലത്ത് എടുത്തു പറയേണ്ടവ തന്നെയായിരുന്നു. നൂറു വർഷത്തിലധികമായി എത്രയോ തലമുറകൾക്ക് അക്ഷര വെളിച്ചം പകർന്നു കൊടുത്ത ഈ സ്കൂളിൽ പ്രഗത്ഭനായ രൈരു നായർ, അധ്യാപക അവാർഡ് നേടിയ കെ.ആർ. രാജരാജ വർമ്മ എന്നിവരെപ്പോലെയുള്ള പ്രധാനാധ്യാപകരും ഉണ്ടായിരുന്നു. പേരെടുത്തു പറഞ്ഞാൽ തീരാത്തത്രയും മികച്ച അധ്യാപകരും കെ.പ്യാർ, സി.എം.എസ് ചന്തേര തുടങ്ങിയ സാഹിത്യകാരന്മാരായ അധ്യാപകരും ഇവിടെ ഉണ്ടായിരുന്നു. ചിറക്കൽ ടി.ബാലകൃഷ്ണൻ നായർ, ടി.പത്മനാഭൻ സുകുമാർ അഴീക്കോട്, രവീന്ദ്രവർമ്മ, കെ.സതീഷ് നമ്പൂതിരിപ്പാട് (IAS), പത്മശ്രീ എസ്.ആർ.ഡി പ്രസാദ് തുടങ്ങിയ നിരവധി പ്രമുഖർ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികളായിരുന്നു. രണ്ടായിരത്തിലധികം വിദ്യാർത്ഥികളും നൂറോളം അധ്യാപകരും ഉണ്ടായിരുന്ന ഒരു പ്രതാപകാലം ചിറക്കൽ രാജാസിനുണ്ടായിരുന്നു. പാഠ്യവിഷയങ്ങൾക്ക് പുറമെ ഹോംസയൻസ്, വീവിങ്ങ് എന്നിവ പഠിപ്പിക്കാനുള്ള അധ്യാപകരും മുൻപ് ഇവിടെ ഉണ്ടായിരുന്നു.

2010 ൽ സ്കൂളിൽ ഹയർ സെക്കണ്ടറി അനുവദിച്ചു. ചിറക്കൽ രാജവംശത്തിന്റെ അധീനതയിലായിരുന്ന ഈ സ്കൂൾ ഇപ്പോൾ ചിറക്കൽ സർവ്വീസ് സഹകരണ ബേങ്കിന്റെ ഉടമസ്ഥതയിലാണ്.

Click to buy NOW! PDF-XChange Co Ltd. www.pdf-xchange.com
Click to buy NOW! PDF-XChange Co Ltd. www.pdf-xchange.com

# STAFF PHONE NUMBERS

| Sl. No. | Name | Phone Number |
|---|---|---|
| 1 | P.K. Sudha (Headmistress) | 9946421579 |
| 2 | C.K. Praveen Kumar Varma | 9746527659 |
| 3 | G. Sandhya | 9495788848 |
| 4 | P.N. Ambili | 9048305060 |
| 5 | T.N. Mallika | 9447038201 |
| 6 | K.N. Seena | 9400484584 |
| 7 | M. Rathi Devi | 9495791746 |
| 8 | SajithaK.V. | 9747538139 |
| 9 | Seema A. | 9447759898 |
| 10 | Suna P V | 9567530302 |
| 11 | Soujath M.P. | 9895286241 |
| 12 | Beena Govindan | 6238701312 |
| 13 | P.K. Vijayalakshmi | 7558087464 |
| 14 | Priya P.P. | 9961945175 |
| 15 | O.V. Bindhu | 7736527162 |
| 16 | Pratheesh Kumar Varma C.K | 9633715552 |
| 17 | Nitheesh Kumar M P | 9995206592 |
| 18 | Midhun R | 9446975916 |
| 19 | Aswin Varma C K | 7736142322 |

PDF-XChange Co Ltd.
Click to buy NOW!
www.pdf-xchange.com
PDF-XChange Co Ltd.
Click to buy NOW!
www.pdf-xchange.com

# മേഖല - മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീ-ടെസ്റ്റ് അക്ഷരം ഉറപ്പിക്കൽ വാക്കുകൾ നിർമ്മിക്കുക വാക്യങ്ങൾ നിർമ്മിക്കൽ ചിത്രത്തിന്റ് അടിക്കുറിപ്പു തയ്യാറാക്കൽ ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | 2 മാസം ആഗസ്ത്, സപ്തംബർ | പുസ്തകങ്ങൾ, ചിത്രങ്ങൾ | പി.ടി.എ അധ്യാപകർ |
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ, പത്രവായന, പുസ്തകാസ്വാദനം ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും | 6 മാസം | ക്ലാസ് ലൈബ്രറി,സ്കൂൾ ലൈബ്രറി പത്രങ്ങൾ | പി.ടി.എ അധ്യാപകർ |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | പുസ്തക ചർച്ച, വായനാകുറിപ്പ്, പതിപ്പ്, വിവിധ സാഹിത്യ ശാലകൾ പരിചയപ്പെടൽ, സരഗ സൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ,വ്യക്തിഗത രചന, സംഘരചന | 6 മാസം | ലൈബ്രറി പുസ്തകങ്ങൾ | പി.ടി.എ അധ്യാപകർ |

Click to buy NOW! PDF-XChange www.pdf-xchange.com

# മേഖല - സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ചുമതല |
|---|---|---|---|---|
| സംസ്കൃത പഠനം മെച്ചപ്പെടുത്തുവാൻ ഭാഷാപരമായ ശേഷികളുടെ സമഗ്രവികസനം | കഥാവായന,കഥാരചന സംസ്കൃത പരിപാടികൾ കാണാനുള്ള അവസരം ഉണ്ടാക്കുക. സിനിമ വാർത്ത തുടങ്ങിയവ കാണാനും കേൾക്കാനുമുള്ള സൗകര്യം സ്കൂളിൽ ഏർപ്പെടുത്തുക.<br>സംസ്കൃത സ്നേഹികളുമായും അധ്യാപകരുമായും സംസാരിക്കുവാനുള്ള അവസരം ഒരുക്കുക.<br>സംസ്കൃതത്തിൽ വിവിധ പതിപ്പുകൾ തയ്യാറാക്കുക.<br>സംസ്കൃതം സംസാരിക്കുന്ന മത്തൂർ പോലുള്ള സ്ഥലങ്ങളിലേക്ക് സംസ്കൃതം കൗൺസിലുകൾ പഠനയാത്രകൾ സംഘടിപ്പിക്കുക. | 1 വർഷം | 8,9,10 | സംസ്കൃത കൗൺസിൽ അധ്യാപകർ |
| അവതരണ മികവ് കൈവരിക്കൽ | സംസ്കൃത പുസ്തകങ്ങൾ ശേഖരിക്കുക.<br>ക്ലാസ്സ് മുറികൾ റേഡിയോ സ്റ്റുഡിയോയുമായി ബന്ധിപ്പിക്കുക. ഔദ്യോഗിക അറിയിപ്പുകളും മറ്റും സ കേൾപ്പിക്കാൻ മികച്ച രചനകൾ ബ്ലോഗിൽ ചേർ ക്കുക.<br>ഒഴിവു സമയങ്ങളിൽ കലോത്സവത്തിലെ മികച്ച പ്രകടനങ്ങൾ കാണിക്കാൻ അവസരമൊരുക്കുക.<br>സ്കൂൾഅസംബ്ലികൾ സംഘടിപ്പിക്കുക. സംസ്കൃത ദിനം ഭംഗിയായി ആചരിക്കുക. | | | |

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

## മേഖല – അറബിക്

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | ചുമതല |
|---|---|---|---|---|
| **വായന** കുട്ടികളിൽ വായന പ്രോത്സാഹിപ്പിക്കുക, വാവനയുടെ ലോകത്ത് കൈപിടിച്ചുയർത്തി വായന ശീലം വളർത്തുക നല്ല വായനക്കാരനാവുക | അറബിക് ലൈബ്രറി ശാക്തികരണം അറബിക് ലൈബ്രറി വിഭാഗം കാര്യക്ഷമമാക്കുന്നു കഥകൾ, കവിതകൾ, ചിത്രകഥകൾ കോർണർ സ്ഥാപിക്കുന്നു. | ജൂൺ – സെപ്തംബർ | സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ | |
| **എഴുത്ത്** എഴുതാനുള്ള കഴിവ് വികസിപ്പിക്കുക | ക്ലാസ് കയ്യെഴുത്ത് മാഗസിനുകൾ നിർമ്മിക്കുന്നു. ഓരോ ക്ലാസിലും അറബിയിൽ കഥയും കവിതയും മറ്റു വിഭവങ്ങളും ഉൾക്കൊള്ളിച്ച് ക്ലാസ് കൈയ്യെഴുത്ത് മാഗസിനുകൾ കുട്ടികൾ നിർമ്മിക്കുന്നു. ഏറ്റവും മികച്ച മാഗസിന് സമ്മാനം നൽകും | സെപ്തംബർ നവംബർ | ലാപ് ടോപ് | |
| **അറിവിൻ തിളക്കം** അറബിയിൽ അറിവ് നേടുക | മാസാന്ത്യ ക്വിസ് കാർണിവൽഓരോ മാസവും നിശ്ചിത തീയ്യതിയിൽ ക്വിസിന്റെ ചോദ്യങ്ങൾ തയ്യാറാക്കി പ്രദർശിപ്പിക്കുന്നു. കുട്ടികൾ ഉത്തരമെഴുതി സ്കൂളിൽ സ്ഥാപിച്ചിട്ടുള്ള പെട്ടിയിൽ | ജൂൺ മുതൽ എല്ലാ മാസവും | സ്റ്റേജ് സൗണ്ട് ബോക്സ് | |

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com
PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

| | | | | |
|---|---|---|---|---|
| | നിക്ഷേപിക്കുന്നു. അതിൽ നിന്ന് ശരിയുത്തരം കണ്ടെത്തിഒരാൾക്ക് സമ്മാനം നൽകുന്നു. | | | |
| **പ്രതിഭകളെ കണ്ടെത്തൽ** | പ്രതിഭകളെ കണ്ടെത്തുന്നതിന് മത്സരങ്ങൾ നടത്തുന്നു. അറബി സാഹിത്യോത്സവത്തിലെ മുഴുവൻ ഇനങ്ങളിലും പ്രതിഭകളെ കണ്ടെത്തുന്നു. | ജൂലായ് ആഗസ്ത് | സ്റ്റേജ് സൗണ്ട് ബോക്സ് | അധ്യാപകർ |
| **ദിനാചരണങ്ങൾ** ദിനാചരണത്തെ കുറിച്ചുള്ള അവബോധം ഉണ്ടാക്കുന്നു. | നല്ല ദിനാചരങ്ങൾ സംഘടിപ്പിക്കുന്നു. അനുബന്ധ അറബിക് പോസ്റ്ററുകൾ പ്രദർശിപ്പിക്കുന്നു. | നവംബർ | പോസ്റ്ററുകൾ സി.ഡി കമ്പ്യൂട്ടൽ ടി.വി പ്രൊജക്ടുകൾ | അധ്യാപകർ |
| **ആസ്വാദനം** | ഐ.ടി സാധ്യതകൾ പ്രയോജനപ്പെടുത്തി കഥ, കവിത ആനിമേഷൻ, ഫിലിം പ്രദർശനങ്ങൾ സംഘടിപ്പിക്കുന്നു. | നവംബർ | | അധ്യാപകർ |
| **അറബിക് ഫെസ്റ്റ്** അറബി ഭാഷയെ കുറിച്ച് കൂടുതലറിയാൻ | അറബി ഭാഷയെകുറിച്ച് കൂടുതലറിയാൻ അറബിക് ഫെസ്റ്റ് സംഘടിപ്പിക്കുന്നു. പോസ്റ്റർ പ്രദർശനം എന്നിവ സംഘടിപ്പിക്കുന്നു. | | | അധ്യാപകർ |

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

പ്രവർത്തനം : 1
പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി
മേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ 1 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. അദ്ധ്യാപകർ ഇംഗ്ലീഷിൽ സന്ദേശം നൽകുക. ഓരോ ക്ലാസ്സുകൾക്കും ഇടവിട്ട് ചുമതലകൾ നൽകുക. | ആഴ്ചയിൽ 1 ദിവസം | ക്ലാസ്സ് ടീച്ചർ | |

പ്രവർത്തനം : 2
പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ബുള്ളറ്റിൻ
ഉപമേഖല : ഇംഗ്ലീഷ് സർഗ്ഗാത്മക രചന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷിൽ സർഗ്ഗാത്മക രചന നടത്തുന്നതിനുള്ള ശേഷി കൈവരിക്കൽ | ഓരോ മാസവും ഏതെങ്കിലും വിഷയം കേന്ദ്രീകരിച്ച് ബുള്ളറ്റിൻ തയ്യാറാക്കൽ<br>Example<br>June : Monsoon<br>July : Population<br>August : Freedom<br>September : Onam etc | പ്രതിമാസ പരിപാടി | എച്ച്.എം. ഇംഗ്ലീഷ് അദ്ധ്യാപിക | 2000/- |

Click to buy NOW! PDF-XChange Co Ltd. www.pdf-xchange.com

Click to buy NOW! PDF-XChange Co Ltd. www.pdf-xchange.com

**പ്രവർത്തനം : 3**
**പ്രവർത്തനത്തിന്റെ പേര് : പദപ്രശ്ന നിർമ്മാണം**
**ഉപമേഖല : ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

**പ്രവർത്തനം : 4**
**പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് കോർണർ**
**ഉപമേഖല : ഇംഗ്ലീഷ് പഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം | ക്ലാസ്സ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കൽ | പ്രതിമാസ പരിപാടി | ഇംഗ്ലീഷ് ക്ലബ്ബ് | |

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com
PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

**പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി**

| **പ്രവർത്തനം –1 ഇംഗ്ലീഷ് ഡയറി** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വീട്ടിലും വിദ്യാലയത്തിലും നടക്കുന്ന സംഭവങ്ങൾ ചുരുക്കി ഇംഗ്ലീഷിൽ ഡയറയിൽ എഴുതുക | ആഴ്ചയിൽ അഞ്ച് ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക | |

| **പ്രവർത്തനം –3 ഗ്രാമർ പഠനം** | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ ശേഷി നേടൽ | വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | മാസത്തിൽ ഒരു തവണ | ഇംഗ്ലീഷ് ടീച്ചർ | |

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

# യു.പി ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow me If you can ! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാകുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് | ആഗസ്ത് ഇംഗ്ലീഷ് അധ്യാപകൻ | | |

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

| | | | | |
|---|---|---|---|---|
| | കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | | | |
| | One man show ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Learning Ladder പാഠഭാഗത്തിൽ നിന്നും തെരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പടി പടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സപ്തംബർ | | |
| | Reader of the month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകൻ | |

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

# മേഖല - ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)രാഷ്ട്ര ഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു. | കഥ വായന, കവിത വായന എന്നിവയ്ക്ക് അവസരം നൽകുന്നു | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 2)മാതൃഭാഷയെപ്പോലെ ഹിന്ദിയും നിർഭയം കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രസിദ്ധ സാഹിത്യകാരന്മാരുടെ കഥകൾ നോവലുകൾ സിനിമകൾ എന്നിവ കാണിക്കുവാൻ അവസരം നൽകുന്നു. | ജൂൺ മുതൽ | ഹിന്ദി അധ്യാപകർ | |
| 3)വിവർത്തകർ, വാർത്ത വായനക്കാർ, ജേർണലിസ്റ്റുകൾ തുടങ്ങിയ ജോലി സാധ്യതയ്ക്കായി കുട്ടികളെ പ്രാപ്തരാക്കുക | ഹിന്ദി തിയേറ്ററയുകൾ സജ്ജീകരിക്കുക<br>ഹിന്ദി മാതൃഭാഷയായിട്ടുള്ള പ്രദേശങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കുന്നു.<br>പ്രശസ്ത ജേർണലിസ്റ്റുകളുമായുള്ള അഭിമുഖം സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം<br>അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ | രക്ഷിതാക്കൾ പി.ടി.എ |

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

# മേഖല – സാമൂഹ്യ ശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുക | അക്കാദമിക വർഷത്തിൽ നിശ്ചയിച്ച തീയ്യതികളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2 | ജനാധിപത്യം ഒരു ജീവിത ശൈലിയാക്കി മാറ്റി എടുക്കുക പൗരബോധം മൂല്യബോധം ഇവ വളർത്തുക | സാമൂഹ്യ ശാസ്ത്രത്തിൽ അടിസ്ഥാനപരമായ അറിവുകൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രീകരിച്ച് പ്രത്യേക മൊഡ്യൂൾ തയ്യാറാക്കിയുള്ള പഠനം | പ്രത്യേകം തിരഞ്ഞെടുത്ത ദിവസങ്ങളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3 | സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണ ങ്ങൾ വളർത്തുക | സാമൂഹ്യശാസ്ത്ര ലാബുകൾ, ആകാശ കാഴ്ചകൾ, കൗതുകം ഉണർത്തുന്ന പ്രവർത്തനങ്ങൾ | വർഷം മുഴുവനും | ” | PTAമാനേജ്മെന്റ് |
| 4 | മതേതരത്വം സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്ക്കർത്താക്കളെ പരിചയപ്പെടുത്തുക | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ;- സർവ്വെ, പ്രൊജക്ട്, ചർച്ചകൾ, സംവാദം ക്ലാസുകൾ, അഭിമുഖങ്ങൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 5 | ഭൂപട വായന കുട്ടികളിൽ വളർത്തുക, സ്ഥാന നിർണ്ണയം | അറ്റ്ലസ്, മാപ്പുകൾ, ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു. പ്രോത്സാഹിപ്പിക്കുന്ന | വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

| | | | | | |
|---|---|---|---|---|---|
| | നടത്താൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | | | |
| 6 | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതു വിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതു വിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ,ദിനാചരണങ്ങൾ, പ്രശ്നോത്തരി, സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക, വീഡിയോ പ്രദർശനം, ചരിത്ര സിനിമ പ്രദർശനം | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 7 | വ്യത്യസ്ത ഇനം മണ്ണിനെ കുറിച്ചും, കാറ്റുകൾ, സമുദ്രങ്ങൾ, പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | കണ്ടും, കേട്ടും, തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

## ദിനാചരണങ്ങൾ :-

| | Days | Activities/ പ്രാധാന്യം | പ്രവർത്തനങ്ങൾ |
|---|---|---|---|
| വിശകലനം | ജൂൺ:2 | പ്രവേശനോത്സവം | പുതിയ ബിൽഡിംഗ് തറക്കല്ലിടൽ, മധുരം വിതരണം, മോക്ക് ഡ്രിൽ, ലഹരി വിരുദ്ധ ഗാനം |
| | ജൂൺ:5 | പരിസ്ഥിതി ദിനം | ➢ പരിസ്ഥിതി ദിന പ്രതിജ്ഞ<br>➢ പോസ്റ്റർ രചന<br>➢ വൃക്ഷ തൈ നടൽ<br>➢ ശുചിത്വ -പ്രവർത്തനങ്ങൾ |
| | ജൂലൈ:11 | ജനസംഖ്യാ ദിനം | ലോകത്തിലെയും ഇന്ത്യിലെയും, കേരളത്തിലെയും, കണ്ണൂരിലെയും, ചിറക്കലെയും കുട്ടികളുടെ വാർഡിലെയും ജനസംഖ്യ കണ്ടെത്തുന്നു. പൈ ഡയഗ്രം വരക്കുന്നു. |
| | ആഗസ്ത്:6<br>ആഗസ്ത്:9<br>ആഗസ്ത്:15 | ഹിരോഷിമ ദിനം<br>നാഗസാക്കി ദിനം<br>സ്വാതന്ത്ര്യ ദിനം | സമാധാന പ്രതിജ്ഞ<br>പോസ്റ്റർ, കവിതാ രചന<br>പതാക ഉയർത്തൽ |
| | സെപ്തംബർ:5 | അധ്യാപക ദിനം | അധ്യാപകർക്ക് പൂക്കൾ നൽകുന്നു, സോഷ്യൽ സയൻസ് ക്ലബ്ബ് കുട്ടികളുടെ വക ആദരിക്കൽ<br>കുട്ടികൾക്ക് ക്ലാസ് എടുക്കൽ<br>(വിഷയം ആദ്യം തന്നെ തീരുമാനിക്കുന്നു) |

| | | | |
|---|---|---|---|
| | ഒക്ടോബർ:2 | ഗാന്ധി ജയന്തി | *ദിനത്തിന്റെ പ്രാധാന്യം<br>*ഗാന്ധിജിയുടെ വചനങ്ങൾ തയ്യാറാക്കൽ<br>*അഹിംസയുടെ പ്രാധാന്യം കണ്ടെത്തി കുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിക്കുന്നു<br>*ഗാന്ധിജിയുടെ ഉദ്ധരണികളുമായി പുസ്തക പ്രദർശനം |
| | നവംബർ:14 | ചാച്ചാജി ദിനം<br>ബാല ദിനം | കുട്ടികളുടെ അവകാശങ്ങൾ<br>പ്രസംഗം |
| | ഡിസംബർ :10 | മനുഷ്യാവകാശ ദിനം | മനുഷ്യാവകാശങ്ങളിൽ അധിഷ്ഠിത ചർച്ച<br>പ്രസംഗ മൽസരം |
| | ജനുവരി:26 | റിപ്പബ്ലിക് ദിനം | ദേശസ്നേഹം ഉണർത്തുന്ന പരേഡ്<br>ഇന്ത്യൻ ഭരണഘടനയെ കുറിച്ചുള്ള അവതരണം |
| | ഫെബ്രുവരി:28 | ദേശീയ ജനസംഖ്യാ ദിനം | ജനസംഖ്യാ കണക്കെടുപ്പ് പ്രക്രിയ അറിയിക്കൽ<br>സമൂഹത്തെ ബാധിക്കുന്ന ജനസംഖ്യാ പ്രശ്നങ്ങളിലേക്കുള്ള ചർച്ച |
| | മാർച്ച്:8 | സ്ത്രീ വിമോചന ദിനം | വനിതാ നായികകളെ പരിചയപ്പെടുത്തുന്ന പരിപാടികൾ |

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

# മേഖല - സയൻസ്

| പ്രവർത്തനം -1 ശാസ്ത്ര ലാബ് നവീകരിക്കൽ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ശാസ്ത്ര ലാബിനെ എല്ലാ കുട്ടികൾക്കും പരീക്ഷണങ്ങൾ ചെയ്യാൻ കഴിയുംവിധം സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും, ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ ഇനം തിരിച്ച് ക്രമീകരിക്കൽ, എല്ലാവർക്കും പ്രവർത്തനങ്ങൾ ചെയ്യാൻ കഴിയും വിധം ഇരിപ്പിടങ്ങൾ തയ്യാറാക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ്ബ് | |
| സയൻസ് ലാബിലേക്ക് കൂടുതൽ ഉപകരണങ്ങൾ എത്തിക്കൽ | പഴയതും, പ്രവർത്തനക്ഷമമല്ലാത്തതുമായ ഉപകരണങ്ങൾക്കു പകരം പുതിയ ഉപകരണങ്ങൾ വാങ്ങിച്ച് കുട്ടികൾക്ക് എല്ലാ പ്രവർത്തനങ്ങളും ചെയ്ത് പഠിക്കാനുള്ള സാഹചര്യം ഒരുക്കുന്നു. | | പിടിഎ SRG | |

| പ്രവർത്തനം –2 ശാസ്ത്ര യാത്രകൾ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ശാസ്ത്ര പഠനം രസകരമാക്കൽ | ജൈവ വൈവിധ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ, ശാസ്ത്രപ്രദർശനങ്ങൾ, സയൻസ് പാർക്കുകൾ, തണ്ണീർത്തടങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക് പഠനയാത്രകൾ സംഘടിപ്പിക്കൽ, എല്ലാ ക്ലാസ്സുകളിലെയും കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് അവധി ദിനങ്ങളിൽ ആണ് പഠനയാത്ര സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്നോ രണ്ടോ തവണ | SRG സയൻസ് ക്ലബ്ബ് ടൂറിസം ക്ലബ്ബ് | |
| യാത്രാക്കുറിപ്പുകൾ തയ്യാറാക്കൽ | പഠനയാത്രയ്ക്കു ശേഷം യാത്രാനുഭവങ്ങൾ ക്രോഡീകരിച്ചു യാത്രാകുറിപ്പുകൾ | | സയൻസ് ക്ലബ്ബ് | |

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com
PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

| | | | | |
|---|---|---|---|---|
| | തയ്യാറാക്കാൻ നിർദ്ദേശം നൽകുകയും മികച്ചവയ്ക്ക് സമ്മാനം നൽകുകയും ചെയ്യും | | SRG | |
| ശാസ്ത്രപഠനത്തിലേക്ക് കുട്ടികളെ ആകർഷിക്കൽ , കുട്ടികളെ പ്രകൃതിയുമായി അടുപ്പിക്കൽ | മാടായിപ്പാറ, സ്നേക്ക് പാർക്ക്, ആറളം വന്യജീവി സങ്കേതം (ഉദാഹരണങ്ങൾ) സ്ഥലങ്ങളിലേക്ക് പഠനയാത്രകൾ. | പ്രതി വർഷം 3 തവണ | ബയോളജി ക്ലബ് | |

**പ്രവർത്തനം : 3 ശാസ്ത്ര അവോബോധത്തിനു വേണ്ടി Field Trip നടത്തുക**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| വിവിധതരത്തിലുള്ള ഫാക്ടറികൾ സന്ദർശിക്കുക | ക്ലാസ് റൂമിൽ നിന്ന് കിട്ടുന്ന വിവരത്തിലും കൂടുതൽ ഗ്രഹിക്കാൻ പറ്റുന്നത് അവ നേരിൽ കാണുമ്പോഴാണ് അതിനുള്ള അവസരം കുട്ടികൾക്ക് ഒരുക്കി കൊടുക്കുക. | ഒരാഴ്ച്ച | അധ്യാപിക | |

**പ്രവർത്തനം : 4 പാരിസ്ഥിതിക പ്രശ്നങ്ങളെ കുറിച്ചുള്ള ബോധവൽക്കരണം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| പരിസ്ഥിതി മലിനീകരണവും അതിന് കാരണമാകുന്ന ഘടകങ്ങളെയും കുറിച്ച് | പ്ലാസ്റ്റിക് വസ്തുക്കളുടെ അമിത ഉപയോഗം ,ഗ്ലോബൽ വാർമിംഗ് എന്നീ പാരിസ്ഥിക പ്രശ്നങ്ങളെ കുറിച്ച് ബോധവത്ക്കരിക്കുക .കുട്ടി | | അധ്യാപിക | |

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com
PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

| | | | | |
|---|---|---|---|---|
| | കൾക്ക് സ്കൂളിൽ അതിനെ കുറിച്ച് ക്ലാസുകൾ നൽകുകയും , വിവിധ മാർഗ്ഗങ്ങൾ ഉപയോഗിക്കാൻ പരിശീലനം നൽകുകയും ചെയ്യുക | | | |

| പ്രവർത്തനം –5 പ്രതിമാസ ശാസ്ത്ര ക്വിസ് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ശാസ്ത്ര രംഗത്ത ആനുകാലിക സംഭവങ്ങൾ കുട്ടികളിലെത്തിക്കാൻ | ഓരോ മാസത്തിലും ശാസ്ത്രവുമായി ബന്ധപ്പെട്ടു വരുന്ന സയൻസ് ക്ലബ്ബ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. മാസത്തിലെ അവസാനത്തെ വെള്ളിയാഴ്ച ഇത്തരം വിവരങ്ങൾ കൂട്ടിച്ചേർത്തുകൊണ്ട് ക്വിസ് സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്യുന്നു. | മാസത്തിൽ ഒരു തവണ | സയൻസ് ക്ലബ്ബ് | |

| പ്രവർത്തനം –6 ശാസ്ത്ര ദിനാചരണങ്ങൾ | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| ശാസ്ത്രവുമായി ബന്ധപ്പെട്ട വിവിധ ദിനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കൽ | പ്രധാനപ്പെട്ട ശാസ്ത്ര ദിനങ്ങൾ വിവിധ പരിപാടികൾ നടത്തി കൊണ്ട് ആചരിക്കും. ദിനങ്ങളുമായി ബന്ധപ്പെടുത്തി പോസ്റ്റർ നിർമ്മാണം, ഉപന്യാസ രചന, ചിത്ര രചന, സംവാദം, ക്വിസ് തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG<br>സയൻസ് ക്ലബ്ബ് | |

| പ്രവർത്തനം –7 ജൈവവൈവിധ്യ പാർക്ക് | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവശ്യം | SRG | |

| പ്രവർത്തനം –8 പച്ചക്കറിത്തോട്ടം | | | | |
|---|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തിക വിശകലനം** |
| കൃഷിയെക്കുറിച്ചുള്ള അടിസ്ഥാന ധാരണ കുട്ടികളിൽ ഉണ്ടാക്കാനും കൃഷി ചെയ്യേണ്ടതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമാ രീതിയിൽ ഒരു പച്ചക്കറിത്തോട്ടം നിർമ്മിക്കൽ, ജൈവ പച്ചക്കറി കൃഷിയിലൂടെ വിഷരഹിതമായ പച്ചക്കറി ഉൽപ്പാദിപ്പിക്കൽ | ഒരു വർഷത്തിൽ ഒരു പ്രാവശ്യം | SRG | |

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

# മേഖല - എച്ച്.എസ് ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1)ആശയ ധാരണ കൈവ രിക്കൽ | ഒപ്പത്തിനൊപ്പം, പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, മാത്സ് ക്ലിനിക്ക് | ജൂൺ ആദ്യ വാരം | അദ്ധ്യാ പകർ മുന്നോ ക്കം നിൽക്കു ന്ന കുട്ടി കൾ | |
| 2)നിർമ്മിതിക ളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ ലഭ്യത | തുടർ പ്രവർത്തനം | അധ്യാപ കർ | ടീച്ചേർ സ് ഗ്രാന്റ് |
| 3)ഗണിത ആശ യങ്ങളിൽ നിന്നും ഉടലെടു ക്കുന്ന ഗണിത രൂപങ്ങൾ അളവുകൾ ഇവപരിചയപ്പെ ടൽ | ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | അധ്യാപ കർ ഗണിത ക്ലബ്ബ് | പി.ടി.എ |
| 4 സംഘം ബോധം ഉണ്ടാ ക്കൽ | സംഘം പഠനം | തുടർപ്ര വർത്തനം | അധ്യാപ കർ സംഘ തലവൻ | |
| 5) അധ്യാപകർ കാലാനുസൃത മായി ചെയ്ത് ചെറിയ ക്ലാസ്സ് മുതലുള്ള തുടർ പഠനം സാധ്യ മാക്കി കുട്ടിക ളിൽ അടി സ്ഥാനം ഉറപ്പി ക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം, എന്നിവ കൂട്ടായ് പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കു ന്നു. | അക്കാദമിക വർഷം തുടർ പ്രവർത്തനം | വിഷയ സമിതി കൺവീ നർ മുതിർ ന്ന അധ്യാപ കർ | |

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com
PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

| | | | | |
|---|---|---|---|---|
| 6) ഗണിതമ ത്സരം വേദിയി ലേക്ക് മേളക ളിൽ ഊർജ്ജസ്വ യത കൈവരി ക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ച പ്പെടുത്തൽ മത്സര ങ്ങൾ പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | ക്ലബ്ബ് സെക്ര ട്ടറി അധ്യാപ കർ പി. ടി.എ | പി.ടി.എ |

## മേഖല - യു.പി - ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ ത്തിക വിശ കലനം |
|---|---|---|---|---|
| 1)അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്ക ൾക്കും ഉറപ്പ് വരു ത്തുന്നു. | ഗണിത ശിൽപ്പശാല കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു. (നമ്പർകാർഡ്, മഞ്ചാടിക്കുരു, മുത്തുകൾ, ഫ്ളാഷ്കാർഡ് ഉപയോഗിക്കുന്നു. | ജൂൺ മാസം | ഗണിത അധ്യാ പിക | |
| 2)ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കൽ - ലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാ നു സരണം | ഗണിത അധ്യാ പകന്മാ രും ഗണിത ക്ലബ്ബിലെ അംഗ ങ്ങളും | |
| 3)ഗണിത മേഖലയിൽ കുട്ടികളുടെ താൽപര്യം | ഗണിത ഗ്രാമം ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ(മറ്റ് | വർഷത്തി ൽ അഞ്ചോ ആറോ | ഗണിത അധ്യാ പകർ, ക്ലബ്ബ് | പി.ടി.എ |

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

| | | | | |
|---|---|---|---|---|
| വർദ്ധിപ്പിക്കാൻ | വിദ്യാലയങ്ങളിൽ നിന്നും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപര്യമുണ്ടാക്കുന്ന രിതിയിൽ ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. | തവണ | ലീഡർ | |
| 4)ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻ നിരയിലെത്തിക്കുന്നു | ഗണിത ക്ലിനിക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാരഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമരത്ഥരായ കുട്ടികളും | |
| 5)വിവിധ ശേഷികളുടെ വികസനം | ദിനാചരണം ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി നടത്തേണ്ട പ്രവർത്തനങ്ങൾ ടഞഏ യിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | SRG | |

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

**മേഖല - IT**

**പ്രവർത്തനം : 1 ലാബുകളുടെ നവീകരണം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ലാബുകൾ പുതിയ കാലത്തിനനുസരിച്ച് അതിന്റെ ഉള്ളടക്കത്തിലും പ്രവർത്തന ക്ഷമതയിലും ഊന്നൽ നൽകുക | ലാബുകളിൽസിലബസ്സ് മുന്നോട്ട് വയ്ക്കുന്ന കാര്യങ്ങൾ പൂർണ്ണമായുംചെയ്യുവാനുള്ള സാഹചര്യം കൃത്യമായി വിലയിരുത്താൻ ശ്രമിക്കണം. മാസത്തിൽ ഒരിക്കലെങ്കിലും അതിന്റെ പ്രവർത്തനക്ഷമത പരിശോധിക്കണം | മാസത്തിൽ ഒരിക്കൽ | S I T C യുടെ നേതൃത്വത്തിൽ അധ്യാപകരുടെ ടീം ഉണ്ടാക്കുക | മാനേജ്മെന്റ് |
| ലാബുകളിൽ കൊണ്ടുവരുന്ന ഉപകരണങ്ങൾ ഉയർന്ന നിലവാരത്തിൽ ഉള്ളതാണ് എന്ന് ഉറപ്പുവരുത്തുക | മതിയായസുരക്ഷാ സംവിധാനം ലാബുകളിൽ ഒരുക്കേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക | | | |

**മേഖല - കലാകായിക മൽസരങ്ങൾക്കുള്ള മുന്നൊരുക്കം**

| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** | **സാമ്പത്തികം** |
|---|---|---|---|---|
| ശാരീരിക, മാനസിക ആരോഗ്യവും, സർഗ്ഗാത്മകതയും വളർത്തിയെടുത്ത് ജീവിതത്തിൽ മികവുകൾ കണ്ടെത്തൽ | ക്ലാസ്സുകൾ ആരംഭിക്കുമ്പോൾ തന്നെ കലാകായിക മേളകളിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ള വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ ഡയറക്ടറി തയ്യാറാക്കി പരിശോധന നടത്തുക | വർഷത്തിനിടയിൽ | മുഴുവൻ ടീച്ചേർസിനും | പി ടി എ |
| കലയിലും സാഹിത്യത്തിലും വിജയം വരിക്കുന്ന വിദ്യാർത്ഥി വിദ്യാർത്ഥിനികളെ അനുമോദിച്ച് അവർക്ക് സമ്മാനങ്ങൾ നൽകുക | സ്ക്കൂളിൽ ചേരുന്ന അസംബ്ലിയിൽ വെച്ച് അവർക്ക് അംഗീകാരം നൽകാം വേണമെങ്കിൽ ഇതിനായി പ്രത്യേക ചടങ്ങ് നടത്താം | വർഷത്തിനിടയിൽ | മുഴുവൻ ടീച്ചേർ സിനും | പി ടി എ |

Click to buy NOW! PDF-XChange www.pdf-xchange.com

# NCC UNIT

31(K) BN NCC, Kannur ന്റെ കീഴിൽ പ്രവർത്തിക്കുന്ന NCC യൂണിറ്റ് ആണ് രാജാസ് എച്ച്.എസി ൽ ഉള്ളത്. 90 കാഡറ്റുകളും ഒരു NCC Officer ഉം ഉൾപ്പെടുന്ന യൂണിറ്റ് നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താറുണ്ട്. (JW) പെൺകുട്ടികളും ആൺകുട്ടികളും (JD) ഉൾപ്പെടുന്ന യൂണിറ്റ് ആണിത്. ജൂൺമാസം മുതൽ ജനുവരി മാസം വരെ നീണ്ടുനിൽക്കുന്ന പരിശീലനത്തോടൊപ്പം നിരവധി അക്കാദമികേതര പ്രവർത്തനങ്ങൾ ചെയ്യാറുണ്ട്.ശുചീകരണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, വിവിധ ദിനാചരണങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങൾ സ്കൂളിനകത്തും പുറത്തും സംഘടിപ്പിക്കാറുണ്ട്. എല്ലാ കാഡറ്റുകളും 10 ദിവസത്തെ Annual Training Camp കളിലും തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾ നാഷണൽ ക്യാമ്പുകളിലും പങ്കെടുക്കാറുണ്ട്.

Click to buy NOW! PDF-XChange www.pdf-xchange.com

# ഭിന്നശേഷ കുട്ടികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

1. **വിദ്യാഭ്യാസ പ്രശ്നങ്ങൾ :**

❖ **പഠന സാമഗ്രികളുടെ ലഭ്യത കുറവ്:**

ബ്രെയ്‌ലി, ഓഡിയോ ബുക്ക്സ് തുടങ്ങിയവ സ്കൂൾ പ്രവർത്തനത്തിൽ ലഭ്യമല്ല.

❖ **സ്പെഷ്യൽ എഡ്യുക്കേറ്ററുടെ സാന്നിദ്ധ്യം**

ആഴ്ചയിൽ രണ്ടു ദിവസം മാത്രമേ സ്പെഷ്യൽ എഡ്യുക്കേറ്റർ സ്കൂളിൽ എത്തുന്നുള്ളൂ എന്നത് ഒരു പോരായ്മ തന്നെയാണ്

2. **സാമൂഹിക പ്രശ്നങ്ങൾ**

❖ ഇഷ്ടപ്പെട്ട കളികളിലും ഗ്രൂപ്പ് പ്രവർത്തനങ്ങളിലും പങ്കെടുക്കാനുള്ള തടസ്സം.

3. **ആരോഗ്യ പ്രശ്നങ്ങൾ**

❖ സ്ഥിരമായ ചികിത്സ, ഫിസിയോ തെറാപ്പി, കൺസൾട്ടേഷൻ എന്നിവയ്ക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട്.

❖ മാനസീക ആരോഗ്യ പ്രശ്നങ്ങൾ (Anxiety disorder, depression etc)

❖ ആധാരങ്ങളുടെയും സാമ്പത്തിക പിന്തുണയുടെയും കുറവ്

❖ റൂറൽ പ്രദേശങ്ങളിൽ സഹായ കേന്ദ്രങ്ങളുടെയും റിസോഴ്സുകളുടെയും അഭാവം

**പരിഹാരങ്ങൾ**

❖ സ്പെഷ്യൽ എഡ്യുക്കേറ്ററിന്റെ സഹായം സ്കൂളിൽ മുഴുവൻ അധ്യയന ദിനങ്ങളിലും ലഭ്യമാക്കുക

❖ സ്കൂൾ – പേരന്റുകൾ ചേർന്നുള്ള ക്യാമ്പുകൾ നടത്തുക.

❖ കൂട്ടുകാരുമായുള്ള ഇന്ററാക്ഷൻ വർദ്ധിപ്പിക്കാൻ ക്ലാസ്സ് ആക്ടിവിറ്റുകൾ, കലാപരിപാടികൾ എന്നിവ സംഘടിപ്പിക്കുക.

❖ സാങ്കേതിക സഹായങ്ങൾ : കുട്ടികൾക്ക് ഹിയറിംഗ് എയ്ഡുകൾ, വീഡിയോ, ഓഡിയോ സഹായങ്ങൾ എന്നിവ ലഭ്യമാക്കുക.

PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com
PDF-XChange Co Ltd. Click to buy NOW! www.pdf-xchange.com

# ഉപസംഹാരം

സമഗ്ര ഗുണമേന്മാ വിദ്യാഭ്യാസ പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾ രാജാസ് ഹയർസെക്കണ്ടറി സ്കൂളിൽ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കാൻ സാധിച്ചിട്ടുണ്ട്. സ്ക്കൂളിന്റെ പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവഹിച്ചിട്ടുണ്ട്. അടുത്ത അധ്യയനവർഷം മുതൽ പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുമെന്ന് കരുതുന്നു. ഇത്തരം പദ്ധതികളിലൂടെ രാജാസ് ഹയർസെക്കണ്ടറി സ്ക്കൂളിന്റെ സർവോന്മുഖമായ ഉയർച്ച കൈവരിക്കാൻ സാധിക്കുമെന്ന ആത്മവിശ്വാസം ഉണ്ട്.

❖ ❖ ❖